# പതിനഞ്ചാം കേരള നിയമസഭ
# FIFTEENTH KERALA LEGISLATIVE ASSEMBLY

## സബ്ജക്ട് കമ്മിറ്റി XI
## (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
## (FOOD, CIVIL SUPPLIES AND CO-OPERATION)

### 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്.

(Under Rule 236 (5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

2024 ജൂലൈ 8 - ാം തീയതി സമർപ്പിച്ചത്
(Presented on 8th July, 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI
# (SUBJECT COMMITTEE XI)

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
(FOOD, CIVIL SUPPLIES AND CO-OPERATION)

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

1011/2024.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XI
# (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)
# (2023-2026)

**ഘടന**

ചെയർമാൻ :

ശ്രീ. വി. എൻ. വാസവൻ,

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. ജി. ആർ. അനിൽ,

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. അബ്ദുൾ ഹമീദ് പി.

ശ്രീ. ആന്റണി ജോൺ

ശ്രീ. പി. വി. അൻവർ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI -ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI -ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 27 -ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ പതിനാറ് ശിപാർശകളിന്മേലും സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ റിപ്പോർട്ട് 2024 ജൂലൈ 2 -ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

വി. എൻ. വാസവൻ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XI.*

തിരുവനന്തപുരം,
2024 ജൂലൈ 8.

# റിപ്പോർട്ട്

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും.

## ധനാഭ്യർഥന നമ്പർ XXVII — സഹകരണം

### ഖണ്ഡിക - 1

2425-00-001-90 — സഹകരണ പ്രചാരണത്തിനുള്ള സഹായം

സഹകരണ എക്സ്പോ 2024 നടത്തുന്നതിനായി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സഹകരണ എക്സ്പോ 2024 നടത്തുന്നതിനായി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിരുന്ന 25.00 ലക്ഷം രൂപ ഉൾപ്പെടെ ടി ശീർഷകത്തിൽ നിന്നും ആകെ 60.8349 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ തുക ചെലവഴിക്കുന്നതിനുള്ള പരിധി 65% -ൽ നിജപ്പെടുത്തിയിരുന്നതിനാലും ടി ശീർഷകത്തിലുള്ള പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്നതിനാലും അധിക തുക അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല.

[സഹകരണ (ബി) വകുപ്പിന്റെ 25-5-2024-ലെ സഹ-ബി3/23/2024/സഹ. നമ്പർ കത്ത്.]

### ഖണ്ഡിക - 2

2425-00-101-91 —സഹകരണ ഓഡിറ്റ് ഡയറക്ടേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും നവീകരണവും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും

സഹകരണ ഓഡിറ്റ് കാലത്തിനനുസരിച്ച് മാറ്റുന്നതിനായി ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിനും, പുതിയ രീതികളും സാങ്കേതിക വിദ്യകളും സ്വായത്തമാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക ദൗത്യസേനയുടെ രൂപീകരണം, ഐ.റ്റി. ഓഡിറ്റ് സെൽ സ്ഥാപിക്കൽ, ലാപ്ടോപ്പ്, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്കുള്ള പരിശീലനം, സംസ്ഥാനത്തുടനീളമുള്ള ആഡിറ്റ് ആഫീസുകളുടെ നവീകരണം, അടിസ്ഥാന സൗകര്യ വികസനം, ജില്ലാ ആഫീസുകൾക്കും ആഡിറ്റ്

ഡയറക്ട്രേറ്റിനുമായി വാഹനങ്ങൾ പാട്ടത്തിനെടുക്കൽ/വാടകയ്ക്കെടുക്കൽ എന്നീ ആവശ്യങ്ങൾക്ക് 2425-00-101-91 എന്ന ശീർഷകത്തിൽ 3.15 കോടി രൂപ, 4425-00-001-97 എന്ന ശീർഷകത്തിൽ 1.85 കോടി രൂപ എന്നിങ്ങനെ ആകെ അനുവദിച്ച 5 കോടി രൂപ അപര്യാപ്തമായതിനാൽ 2425-00-101-91 എന്ന ശീർഷകത്തിൽ 4.034344 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിലുള്ള തുക 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിക്കാൻ സാധിക്കാതിരുന്നതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധിക തുക അനുവദിക്കാനും സാധിച്ചിരുന്നില്ല.

[സഹകരണ (ബി) വകുപ്പിന്റെ 25-5-2024-ലെ സഹ-ബി3/23/2024/സഹ. നമ്പർ കത്ത്.]

<u>ഖണ്ഡിക - 3</u>

2425-00-108-47-35—<u>പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാദമിക്കുള്ള (CAPE) ധനസഹായം - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന് **(CAPE)** കീഴിലുള്ള സാഗര ആശുപത്രിയുടെ നവീകരണത്തിന്റെ ഭാഗമായി ആശുപത്രിയിലെ പഴയ ഉപകരണങ്ങൾ പുനഃസ്ഥാപിക്കൽ, CATH Lab, Super Speciality Facilities എന്നിവയുടെ നിർമ്മാണം എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന 605 ലക്ഷം രൂപയിൽ 283.75 ലക്ഷം രൂപ പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ ബാക്കിനിൽപ്പ് തുക 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിക്കാൻ സാധിക്കാതിരുന്നതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികതുക അനുവദിക്കാനും സാധിച്ചിരുന്നില്ല.

[സഹകരണ (ബി) വകുപ്പിന്റെ 25-5-2024-ലെ സഹ-ബി3/23/2024/സഹ. നമ്പർ കത്ത്.]

ഖണ്ഡിക-4

2425-00-108-42—പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായുള്ള പുനർജനി പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷന് സബ്സിഡി അനുവദിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന 5.60 കോടി രൂപയിൽ 2.10 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ ബാക്കിനിൽപ്പ് തുക 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിക്കാൻ സാധിക്കാതിരുന്നതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികതുക അനുവദിക്കാനും സാധിച്ചിരുന്നില്ല.

[സഹകരണ (ബി) വകുപ്പിന്റെ 25-5-2024-ലെ സഹ-ബി3/23/2024/സഹ. നമ്പർ കത്ത്.]

ഖണ്ഡിക -5

2425-00-108-31—വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനുമുള്ള ധനസഹായം

വനിതാ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 2022-23 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 161.60 ലക്ഷം രൂപയുടെ 23 പ്രൊപ്പോസലുകൾക്ക് ഈ ശീർഷകത്തിൽ നിന്ന് തുക അനുവദിക്കുന്നതിന് സാധിക്കാതെ വന്നു. ആയതിനാൽ 2023-24 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1.50 കോടി രൂപയിൽ 52.56 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ ബാക്കിനിൽപ്പ് തുക 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിക്കാൻ സാധിക്കാതിരുന്നതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികതുക അനുവദിക്കാനും സാധിച്ചിരുന്നില്ല.

[സഹകരണ (ബി) വകുപ്പിന്റെ 25-5-2024-ലെ സഹ-ബി3/23/2024/സഹ. നമ്പർ കത്ത്.]

ഖണ്ഡിക -6

അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് ഫണ്ട്

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം പദ്ധതിയിതര വിഭാഗത്തിൽ കാർഷികോൽപാദന ചെലവ് സമാശ്വാസ പദ്ധതിയുടെ ശീർഷകത്തിൽ (2425-107-93) 4.8 കോടി രൂപ വകയിരുത്തുകയും തുക പൂർണ്ണമായി ചെലവഴിക്കുകയും ചെയ്തിരുന്നു. ടി ഇനത്തിൽ സംഘങ്ങൾക്ക് നൽകേണ്ടതിലേക്കായി 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 1.3074419 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുക അനുവദിച്ചിരുന്നില്ല.

[സഹകരണ (ബി) വകുപ്പിന്റെ 25-5-2024-ലെ സഹ-ബി3/23/2024/സഹ. നമ്പർ കത്ത്.]

**ധനാഭ്യർഥന നമ്പർ XXVIII —പലവക സാമ്പത്തിക സർവ്വീസുകൾ**

ഖണ്ഡിക - 7

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വാടക, കരം, നികുതി.

14 താലൂക്കുകളിൽ പുതുതായി രൂപീകരിച്ചതും വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നതുമായ ഇൻസ്പെക്ടറാഫീസുകളുടെ വാടക നൽകുന്നതിനും മറ്റ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 83 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരം 2023-24 സാമ്പത്തിക വർഷം 3475-00-106-99-06 RRT(NP) എന്ന ശീർഷകത്തിൽ ആവശ്യമായ തുക അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിന് നൽകുകയും തുടർന്ന് മിച്ചമുള്ള ശീർഷകങ്ങളിൽ റീ-അപ്രോപ്രിയേഷൻ മുഖേന പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച പ്രൊപ്പോസൽ 21-3-2024-ലെ 18/2024/ധന. നമ്പർ സർക്കുലറിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ച് ധനകാര്യ വകുപ്പ് മടക്കിയിരുന്നു.

[ഉപഭോക്തൃകാര്യ വകുപ്പിന്റെ 29-6-2024 ലെ CA2/101/2023-CAD നമ്പർ കത്ത്]

ഖണ്ഡിക - 8

3475-00-106-99-21-02—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പരിശോധനകളും മറ്റും തുടർച്ചയായി നടത്തേണ്ടിവരുന്നതിനാൽ സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കേണ്ടിവരുന്നു. വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരം 2023-24 സാമ്പത്തിക വർഷം 3475-00-106-99-21-02- റിപ്പയർ & മെയിന്റനൻസ് (NP) എന്ന ശീർഷകത്തിൽ ആവശ്യമായ തുക അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിന് നൽകുകയും തുടർന്ന് മിച്ചമുള്ള ശീർഷകങ്ങളിൽ റീ-അപ്രോപ്രിയേഷൻ മുഖേന പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച പ്രൊപ്പോസൽ 21-3-2024-ലെ 18/2024/ധന. നമ്പർ സർക്കുലറിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ച് ധനകാര്യ വകുപ്പ് മടക്കിയിരുന്നു.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 29-6-2024-ലെ CA2/101/2023-CAD നമ്പർ കത്ത്)

ഖണ്ഡിക - 9

3475-00-106-99-45—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - പി.ഒ.എൽ.

വകുപ്പിലെ വാഹനങ്ങളുടെ ഇന്ധന ആവശ്യങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരം 2023-24 സാമ്പത്തിക വർഷം 3475-00-106-99-45(POL) എന്ന ശീർഷകത്തിൽ ആവശ്യപ്പെട്ട തുകയിൽ 18,00,000 രൂപ സർക്കാരിന്റെ 22-3-2024-ലെ ജി.ഒ.(ആർ.റ്റി.) നം. 2854/2024/ധന. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 29-6-2024 ലെ CA2/101/2023-CAD നമ്പർ കത്ത്)

<u>ഖണ്ഡിക - 10</u>

5475-00-800-79—ലീഗൽ മെട്രോളജി വകുപ്പിന്റെ നവീകരണ പ്രവൃത്തികൾ

കോട്ടയം ജില്ലയിലെ നാട്ടകം വില്ലേജിൽ ഓഫീസ് കെട്ടിടം / ലബോറട്ടറി കോംപ്ലക്സ് നിർമ്മാണത്തിനുള്ള വർക്കുകൾ സംസ്ഥാന നിർമിതി കേന്ദ്രം മുഖേന അടുത്ത സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിലേക്കായി മേൽ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3.49045 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരം 2023-24 സാമ്പത്തിക വർഷം 5475-00-800-79 (P) എന്ന ശീർഷകത്തിൽ ആവശ്യമായ തുക അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിന് നൽകുകയും തുടർന്ന് മിച്ചമുള്ള ശീർഷകങ്ങളിൽ റീ-അപ്രോപ്രിയേഷൻ മുഖേന പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച പ്രൊപ്പോസൽ 21-3-2024-ലെ 18/2024/ധന. നമ്പർ സർക്കുലറിലേക്ക് ശ്രദ്ധ ക്ഷണിച്ച് ധനകാര്യ വകുപ്പ് മടക്കിയിരുന്നു.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 29-6-2024-ലെ CA2/101/2023-CAD നമ്പർ കത്ത്)

**ധനാഭ്യർഥന നമ്പർ XXX - ഭക്ഷ്യം**

<u>ഖണ്ഡിക - 11</u>

2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ-സബ്സിഡികൾ

2023-24 വർഷം 7.75 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരണം നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2023-24 വർഷം നിലവിലെ സംസ്ഥാന പ്രോത്സാഹന ബോണസ് നിരക്ക് Rs.7.80/Kg ക്രമത്തിൽ 682 കോടി രൂപയും 2023-24 വർഷത്തെ ബാങ്ക് പലിശ ഇനത്തിൽ 30 കോടി രൂപയും ഔട്ട് ടേൺ റേഷ്യോ ഇനത്തിൽ 90 കോടി രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് നിരക്ക് വർദ്ധനവ് വരുത്തുന്ന സാഹചര്യത്തിൽ ആയതിന് 50 കോടി രൂപയും ഉൾപ്പെടെ ആകെ 852 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 2408-01-101-96 - കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും നെല്ല് സംഭരിക്കൽ-33-സബ്സിഡികൾ (നോൺ പ്ലാൻ) ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 577.5 കോടി രൂപയ്ക്ക് പുറമെ 274.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷം ശീർഷകത്തിൽ വകയിരുത്തിയിരുന്നത് 577.50 കോടി രൂപയായിരുന്നു. ധനാഭ്യർഥന ഖണ്ഡിക 11 പ്രകാരം ശീർഷകത്തിൽ അധികമായി 274.50 കോടി രൂപ വകയിരുത്തണമെന്നാണ് ബഹു. സമിതി ശിപാർശ ചെയ്തിരുന്നത്. പ്രസ്തുത ശിപാർശ അധിക ധനാഭ്യർഥന മുഖാന്തരം ധനകാര്യ വകുപ്പിലേയ്ക്ക് സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ധനകാര്യ വകുപ്പ് അനുവദിച്ച് നൽകിയില്ല.

[ഭക്ഷ്യപൊതുവിതരണ(സി) വകുപ്പിന്റെ 29-6-2024-ലെ FCSD-സി2/84/2023/FCSD നമ്പർ കത്ത്]

ഖണ്ഡിക - 12

2408-01-101-94 —റേഷൻ സബ്സിഡി

2408-01-101-94-റേഷൻ സബ്സിഡി എന്ന പ്രധാന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 507.94 കോടി രൂപയിൽ 216 കോടി രൂപ നോർമൽ NFSA ഭക്ഷ്യധാന്യ വിതരണത്തിനാവശ്യമായ കമ്മീഷൻ തുകയുള്ള - 02-33-ARD കമ്മീഷൻ എന്ന ഉപശീർഷകത്തിനായി നീക്കിവച്ചിട്ടുള്ളതാണ്. 2023-24 കേന്ദ്ര ബഡ്ജറ്റിൽ PMGKAY പദ്ധതി 2023-24 സാമ്പത്തിക വർഷത്തിലും തുടരുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ അതിനായി 144 കോടി രൂപയും, 2023 ജനുവരി മുതൽ NFSA റേഷൻ സൗജന്യമാക്കിയിട്ടുള്ളതിനാൽ മുൻഗണനാ റേഷൻ കാർഡ് ഉപഭോക്താക്കളിൽ നിന്നും ഒരു കിലോഗ്രാം ഭക്ഷ്യധാന്യത്തിന് 2 രൂപ വീതം ഈടാക്കി റേഷൻ കടക്കാരുടെ കമ്മീഷൻ ഇനത്തിൽ കണക്കാക്കി സൂക്ഷിക്കുന്ന രീതി സംസ്ഥാന സർക്കാർ അവസാനിപ്പിച്ച വകയിൽ 2023-24 സാമ്പത്തിക വർഷത്തിൽ കമ്മീഷൻ ശീർഷകത്തിൽ 138.5 കോടി രൂപയും എന്ന രീതിയിൽ ആകെ റൗണ്ട് ചെയ്ത് 283 കോടി രൂപ കൂടി അധികമായി ആവശ്യമുണ്ട്. കൂടാതെ -03-33-റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത/കൈകാര്യ ചെലവുകൾ എന്ന ഉപശീർഷകത്തിൽ സപ്ലൈകോയുടെ വാതിൽപ്പടി വിതരണത്തിനുള്ള ഗതാഗത ചെലവിനത്തിലും സംഭരണശാലകളുടെ വാടകയിനത്തിലും റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത/കൈകാര്യ ചെലവുകൾക്കുമായി 10.06 കോടി രൂപ അധികമായി ആവശ്യമുണ്ട്. ആയതിനാൽ 2408-01-101-94-02-33, 2408-01-101-94-03-33 എന്നീ ഉപശീർഷകങ്ങളിൽ യഥാക്രമം 283 കോടി രൂപ, 10.06 കോടി രൂപ വീതം ആകെ 293.06 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2023-2024 സാമ്പത്തിക വർഷം 2408-01-101-94 റേഷൻ സബ്സിഡി എന്ന മേജർ ശീർഷകത്തിന് കീഴിൽ, റേഷൻ വ്യാപാരി കമ്മീഷൻ വിതരണത്തിനായി 2408-01-101-94-02-33 എന്ന ഉപശീർഷകത്തിൽ 216 കോടി രൂപയും റേഷൻ വാതിൽപ്പടി വിതരണത്തിനുള്ള ഗതാഗത കൈകാര്യ ചെലവുകൾക്കായി 2408-01-101-94-03-33 എന്ന ഉപശീർഷകത്തിൽ 291.94 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്.

കേന്ദ്ര സർക്കാർ "Assistance to intra State Movement & Handling Charges, Fair Price Dealers Margin & Additional Margin" എന്ന പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാക്കി പരിവർത്തനം ചെയ്ത് പദ്ധതി തുക വിതരണം PFMS SNA അക്കൗണ്ട് മുഖേനയാക്കണമെന്ന് നിർദ്ദേശിച്ചതിനാൽ 25-5-2023-ലെ സ.ഉ(സാധാ) നം. 3949/2023/ധന. പ്രകാരം 2408-01-101-94-02-33 NP ശീർഷകത്തിൽ നിന്നും 156 കോടി രൂപ 2408-01-101-91-01 Central Share PV, 2408-01-101-91-02 State Share PV, 2408-01-101-91-03 Additional State Share PV എന്നീ ശീർഷകങ്ങളിലേക്കും 2408-01-101-94-03-33 NP ശീർഷകത്തിൽ നിന്നും 167.53 കോടി രൂപ 2408-01-101-92-01 Central Share PV , 2408-01-101-92-02 State Share PV, 2408-01-101-92-03 Additional State Share PV എന്നീ ശീർഷകങ്ങളിലേക്കും ധനപുനർവിനിയോഗം മുഖേന വകമാറ്റി അനുവദിക്കുകയുണ്ടായി. ആയതിനാൽ 2023-2024 സാമ്പത്തിക വർഷം റേഷൻ വ്യാപാരി കമ്മീഷനും ഗതാഗത കൈകാര്യ ചെലവും മേൽപ്പറഞ്ഞ ഓരോ നോൺ പ്ലാൻ ശീർഷകങ്ങളിൽ നിന്നും ബന്ധപ്പെട്ട 3 വീതം പ്ലാൻ ശീർഷകങ്ങളിൽ നിന്നുമായിരുന്നു.

കേന്ദ്ര സർക്കാർ NFSA ഭക്ഷ്യധാന്യ വിതരണം സൗജന്യമാക്കിയതിനാൽ, നേരത്തെ കൈകാര്യ ചെലവിനത്തിൽ NFSA ഉപഭോക്താക്കളിൽ നിന്ന് കിലോഗ്രാമിന് 2 രൂപ വീതം ഈടാക്കി റേഷൻ വ്യാപാരികളുടെ കൈവശം കമ്മീഷൻ തുകയായി വയ്ക്കുന്ന രീതി അവസാനിപ്പിച്ചതു മൂലം NFSA റേഷൻ വിതരണത്തിനുള്ള കമ്മീഷൻ ചെലവ് 2023-2024 സാമ്പത്തിക വർഷം വർദ്ധിച്ചു.

റേഷൻ വ്യാപാരി കമ്മീഷൻ ഇനത്തിലെ ടി അധിക ചെലവ് നിർവഹിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ 13-12-2023-ലെ സ.ഉ (സാധാ) നം. 8807/2023-ധന. പ്രകാരം 81.04 കോടി രൂപയും 27-10-2023-ലെ സ.ഉ(സാധാ)നം.7524/2023/ധന. പ്രകാരം 10.28 കോടി രൂപയും 22-3-2024-ലെ സ.ഉ(സാധാ) നം. 2818/2024/ധന. പ്രകാരം 81.07 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 92.1307 കോടി രൂപ 2023-2024 സാമ്പത്തിക വർഷം അധികമായി വകയിരുത്തി നൽകുകയുണ്ടായി. മേൽ പ്രകാരം റേഷൻ വ്യാപാരി കമ്മീഷൻ ഇനത്തിൽ വകയിരുത്തി നൽകിയ തുക, 2024 ഫെബ്രുവരി മാസം വരെയുള്ള കമ്മീഷൻ വിതരണം നൽകുന്നതിന് പര്യാപ്തമായിരുന്നു.

വാതിൽപ്പടി വിതരണത്തിനുള്ള ഗതാഗത കൈകാര്യ ചെലവിനത്തിൽ അധിക ചെലവ് നിർവഹിക്കുന്നതിന് 29-2-2024-ലെ സഉ(സാധാ) നം.1949/2024/ധന. പ്രകാരം 8.5456 കോടി രൂപയും 25-11-2023-ലെ സ.ഉ(സാധാ) നം. 8288/2023/ധന. പ്രകാരം 5.5064 കോടി രൂപയും 11-12-2023-ലെ സ.ഉ(സാധാ) നം. 8749/2023/ധന. പ്രകാരം 6.9366 കോടി രൂപയും ഉൾപ്പെടെ ആകെ 20.9896 കോടി രൂപ 2023-2024 സാമ്പത്തിക വർഷം അധികമായി വകയിരുത്തി നൽകുകയുണ്ടായി.

ഇപ്രകാരം 2023-2024 സാമ്പത്തിക വർഷം 2408-01-101-94- റേഷൻ സബ്സിഡി എന്ന മേജർ ശീർഷകത്തിന് കീഴിൽ 113.1203 കോടി രൂപ അധികമായി വകയിരുത്തി നൽകുകയുണ്ടായി.

[ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 28-6-2024-ലെ ഭ.പൊ.വി.വ. ബി3/117/2023/ഭ.പൊ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 13

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ പദ്ധതി പ്രകാരം 14 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സർക്കാരിന്റെ പ്രഖ്യാപിത നയം അനുസരിച്ച് നിലവിലെ ഭരണകാലയളവിൽ അവശ്യസാധനങ്ങളുടെ സബ്സിഡി വിലകളിൽ വർദ്ധനവ് അനുവദനീയമല്ല. അതേ സമയം അവയുടെ വാങ്ങൽ നിരക്കുകളിൽ ഓരോ വർഷവും ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. എന്നാൽ സബ്സിഡി വില വർദ്ധിപ്പിക്കാത്തതിനാൽ സബ്സിഡി വിതരണം മൂലമുള്ള നഷ്ടം കൂടിക്കൂടി വരികയാണ്. നിലവിൽ സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിൽപ്പന നടത്തിയ വകയിൽ പ്രതിമാസം ശരാശരി 40 കോടി രൂപയുടെ നഷ്ടം സപ്ലൈകോയ്ക്ക് ഉണ്ടാകുന്നുണ്ട്. ആയതിനാൽ വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 349.2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷം മാർക്കറ്റ് ഇന്റർവെൻഷൻ ശീർഷകത്തിൽ വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതം 190.80 കോടി രൂപയായിരുന്നു. മുൻ കുടിശ്ശികയും 2023-2024 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകളും, നിർവഹിക്കുന്നതിന് ധനാഭ്യർഥന ഖണ്ഡിക 13 പ്രകാരം 349.20 കോടി രൂപ അധികമായി വകയിരുത്തണമെന്നാണ് ബഹു. സമിതി ശിപാർശ ചെയ്തത്. 2023-2024 സാമ്പത്തിക വർഷം മാർക്കറ്റ് ഇന്റർവെൻഷൻ ശീർഷകത്തിൽ വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതത്തിന് പുറമെ G.O. (Rt.) No. 2716/2024/Fin. Dated 20-3-2024 പ്രകാരം അധിക ധനാനുമതിയായി 200 കോടി രൂപ ധനകാര്യ വകുപ്പ് അനുവദിച്ച് ഉത്തരവായിരുന്നു.

[ഭക്ഷ്യപൊതുവിതരണ(സി) വകുപ്പിന്റെ 29-6-2024-ലെ FCSD-സി2/84/2023/FCSD നമ്പർ കത്ത്]

ഖണ്ഡിക - 14

2408-01-190-92—സപ്ലൈകോയുടെ വില്പനകേന്ദ്രങ്ങൾ നവീകരിക്കൽ

സപ്ലൈകോ ഔട്ട് ലെറ്റ് നവീകരണത്തിന് 10 കോടി രൂപ, ERP സംവിധാനം നടപ്പാക്കലിന് 5.19 കോടി രൂപ എന്ന രീതിയിൽ ആകെ 15.19 കോടി രൂപയുടെ ബഡ്ജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ഔട്ട് ലെറ്റ് നവീകരണത്തിനുള്ള 10 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സപ്ലൈകോ ERP സംവിധാനം നടപ്പാക്കുന്നതിന്റെ അന്തിമ ഘട്ടത്തിലായതിനാലും 2023-24 സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കേണ്ടതിനാലും ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 5.19 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്ന 10 കോടി രൂപയ്ക്ക് പുറമെ 5.19 കോടി രൂപ അധികമായി വകയിരുത്തണമെന്നാണ് ധനാഭ്യർഥന ഖണ്ഡിക 14 പ്രകാരം ബഹു. സമിതി ശിപാർശ ചെയ്തിരുന്നത്.

2023-2024 സാമ്പത്തിക വർഷം പദ്ധതിക്ക് വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതം 10 കോടി രൂപയ്ക്കുള്ള ഭരണാനുമതി G.O. (Rt.) No.318/2023/FCSD dated 31-7-2023 പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. സപ്ലൈകോയുടെ ഔട്ട്ലെറ്റുകളുടെ നവീകരണത്തിനായി ബഡ്ജറ്റ് വിഹിതത്തിന് പുറമെ 4.99 കോടി രൂപയ്ക്കുള്ള ശിപാർശ അധിക ധനാഭ്യർഥന മുഖാന്തരം ധനകാര്യ വകുപ്പിലേയ്ക്ക് സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ധനകാര്യ വകുപ്പ് അനുവദിച്ച് നൽകിയില്ല.

[ഭക്ഷ്യപൊതുവിതരണ(സി) വകുപ്പിന്റെ 29-6-2024-ലെ FCSD-സി2/84/2023/FCSD നമ്പർ കത്ത്]

ഖണ്ഡിക 15

3456-00-001-78—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി ബയോമെട്രിക് ഡിവൈസസ് ആൻഡ് ഇ-പോസ് മെഷീൻസ് എന്ന കമ്പോണന്റിൽ സിം ചാർജ്ജസ്, തെർമൽ പേപ്പർ എന്നീ ഇനങ്ങൾക്കായി 1.15 കോടി രൂപയും NFSA ഗോഡൗണുകൾക്കായുള്ള വെയിങ് മെഷീൻ, ജനറേറ്റർ, കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും, സി.സി.-ടി.വി, ജി.പി.എസ് ബേസ്ഡ് ട്രാക്കിംഗ് സിസ്റ്റം എന്നീ കമ്പോണന്റുകളിൽ 1.15 കോടി രൂപയും ഉൾപ്പെടെ ആകെ 2.3 കോടി രൂപ അധികമായി ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 2.3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2023-24 വർഷത്തെ ബഡ്ജറ്റിൽ ബയോമെട്രിക് ഡിവൈസസ് ആൻഡ് ഇ-പോസ് മെഷീൻസ് എന്ന കമ്പോണന്റിൽ സിം ചാർജ്ജസ്, തെർമൽ പേപ്പർ എന്നീ ഇനങ്ങൾക്കായി 3456-00-001-78-34-03 ശീർഷകത്തിന് കീഴിൽ 5 കോടി രൂപയും NFSA ഗോഡൗണുകൾക്കായുള്ള വെയിങ് മെഷീൻ, ജനറേറ്റർ, കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും, സി.സി.ടി.വി., ജി.പി.എസ്. ബേസ്ഡ് ട്രാക്കിംഗ് സിസ്റ്റം എന്നീ കമ്പോണന്റുകളിൽ 5.03 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്.

ബയോമെട്രിക് ഡിവൈസ് ആൻഡ് ഇ-പോസ് മെഷീൻസ് എന്ന കമ്പോണന്റിലെ 5 കോടി രൂപയിൽ നിന്നും 1.4180 കോടി രൂപ 2022-23 സാമ്പത്തിക വർഷം ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബിൽ മാറുന്നതിന് വിനിയോഗിച്ചു. ബാക്കി 3.582 കോടി രൂപയ്ക്ക് ഭരണാനുമതി ശിപാർശയും 3.28 കോടി രൂപയുടെ ക്ലെയിമും സർക്കാരിലേക്ക് സമർപ്പിച്ചപ്പോൾ ഭരണാനുമതി നൽകിയെങ്കിലും റിലീസ് ഓർഡർ നൽകുകയുണ്ടായില്ല. NFSA ഗോഡൗണുകൾക്കായുള്ള വെയിങ് മെഷീൻ, ജനറേറ്റർ, കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും സി.സി.ടി.വി. എന്നീ കമ്പോണന്റുകൾക്ക് ഭരണാനുമതി ശിപാർശ സമർപ്പിച്ചെങ്കിലും 2023-24 ൽ ഭരണാനുമതി നൽകിയില്ല. ജി.പി.എസ്. ബേസ്ഡ് ട്രാക്കിംഗ് സിസ്റ്റം എന്ന കമ്പോണന്റിന് 99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും 66 ലക്ഷം രൂപയുടെ ക്ലെയിമിന്റെ അടിസ്ഥാനത്തിൽ വിതരണാനുമതി നൽകിയില്ല.

ധനാഭ്യർഥന മുഖേന അധിക തുക ആവശ്യപ്പെട്ട കമ്പോണന്റുകളിൽ വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതം തന്നെ ചെലവഴിക്കാൻ കഴിയാതെ വന്നതിനാൽ ബന്ധപ്പെട്ട ശീർഷകത്തിൽ അധിക തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായി വന്നില്ല.

[ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 28-6-2024-ലെ ഭ.പൊ.വി.വ.-ബി3/117/2023/ഭ.പൊ.വി.വ. നമ്പർ കത്ത്)

## ഖണ്ഡിക 16

4408-02-101-99—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

2023-24 സാമ്പത്തിക വർഷം സപ്ലൈകോ ചുമതലയിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് 10 കോടി രൂപയും സിവിൽ സപ്ലൈസ് നിർമ്മിക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന 4 NFSA ഗോഡൗണുകൾ നിർമ്മിക്കുന്നതിന് ഒരു ഗോഡൗണിന് 5 കോടി രൂപ എന്ന ക്രമത്തിൽ 20 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത ആവശ്യത്തിനായി ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ച 23.08 കോടി രൂപ അപര്യാപ്തമായതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 6.92 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിൽ, 4408-02-101-99-00-34-03 എന്ന ശീർഷകത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് 13.08 കോടി രൂപയും സപ്ലൈയ്കോയ്ക്ക് 10 കോടി രൂപയും വകയിരുത്തിയിരുന്നുവെങ്കിലും ആയത് പൂർണ്ണമായി ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യമായി വന്നിട്ടില്ല.

[ഭക്ഷ്യപൊതുവിതരണ(ഡി) വകുപ്പിന്റെ 29-6-2024 -ലെ FCSD-ഡി1/61/2023-FCSD നമ്പർ കത്ത്]

സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ടിലെ എല്ലാ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിക്കുകയും ആയത് സമിതി പരിഗണിക്കുകയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം
2024 ജൂലൈ 2.

**വി. എൻ. വാസവൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.